LIBRARY ARCHIVES Kerala Legislative Assembly

**ചേലക്കര മണ്ഡലത്തിലെ റോഡുകൾ**

266(3152) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ നടത്തിയ റോഡുകളുടെ വിശദാംശങ്ങളും അതിനു വേണ്ടി വിനിയോഗിച്ച തുക ഉൾപ്പടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2015-16 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനഃരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ട റോഡുകളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിനു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കഴിഞ്ഞ പ്രകൃതിക്ഷോഭത്തിൽ തകർന്ന് ഗതാഗത യോഗ്യമല്ലാതായി കിടക്കുന്ന പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികളൊന്നും നടത്തിയിട്ടില്ല.

(ബി&സി) 1. പഴയന്നൂർ ഏളനാട് റോഡ് - 2 കോടി

2. ചെറുതുരുത്തി-കിള്ളിമംഗലം റോഡ് - 1 കോടി

3. മണലാടി-പാഞ്ഞാൾ-വെട്ടിക്കൊട്ടിരി റോഡ് - 1 കോടി

4. ചിറ്റണ്ട-തലശ്ശേരി റോഡ്-1 കോടി എന്നീ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നകാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**വൺടൈം മെയിന്റനൻസ്**

267(3153) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൺടൈം മെയിന്റനൻസ് പ്രകാരം ഏതൊക്കെ മണ്ഡലങ്ങളിലാണ് പി.ഡബ്ല്യു.ഡി. വകുപ്പ് മുഖേന തുക അനുവദിച്ചിട്ടുള്ളതെന്നും എത്ര കോടി രൂപയാണ് ഇതിനായി അനുവദിച്ചതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) എസ്റ്റിമേറ്റ് സമർപ്പിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മെയിന്റനൻസ് ഇക അനുവദിക്കാത്ത എത്ര മണ്ഡലങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇക അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വൺടൈം മെയിന്റനൻസ് പ്രകാരം 2015-16 കാലയളവിൽ 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഇത് കൂടാതെ പ്രവൃത്തികൾക്ക് വീണ്ടും കൂടുതൽ ഇക അനുവദിച്ചിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടും ഇക അനുവദിക്കാത്ത മണ്ഡലങ്ങളൊന്നും തന്നെയില്ല.

(സി) ഓരോ മണ്ഡലങ്ങളിലെയും എം.എൽ.എ.-മാരുടെ നിവേദനത്തിലെ ആവശ്യപ്രകാരം പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നവയിൽ മുൻഗണനയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചുമാണ് ഭരണാനുമതി നൽകിയത്.

**ദേശീയപാത വികസനം**

268(3154) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹൈവേ വികസനത്തിന് കേരളം സ്ഥലം ഏറ്റെടുത്ത് നൽകുന്ന കാര്യത്തിൽ അനാസ്ഥ കാണിക്കുന്നതായി നാഷണൽ ഹൈവേ അതോറിറ്റി പരാതി ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എൻ.എച്ച്-17-ൽ കാസർഗോഡിനപ്പുറം കർണ്ണാടക സർക്കാരിന്റെ പരിധിയിലുള്ള ഭാഗത്തിന്റെ ഹൈവേ വികസന പദ്ധതി പൂർത്തിയായിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാന സർക്കാർ ഹൈവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് വരുത്തുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly